**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 556** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ . ഷാഫി പറമ്പിൽ , ശ്രീ പി സി വിഷ്ണുനാഥ്, ശ്രീ. ടി. ജെ. വിനോദ്** | | **Shri K. Radhakrishnan (പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഇതിന്റെ പുരോഗതി അറിയിക്കാമോ; | (എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ട്. സുപ്രീം കോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ നിന്നും 2708 പേർക്കായി 1870.41 ഏക്കർ ഭൂമിയും, വനാവകാശ നിയമപ്രകാരം 1564 പേർക്ക് 2063.58 ഏക്കർ ഭൂമിയും, ഭൂമി വില കൊടുത്തു വാങ്ങുന്ന പദ്ധതി പ്രകാരം 552 പേർക്ക് 185.22 ഏക്കർ ഭൂമിയും, 186 പേർക്കായി 27.30 ഏക്കർ റവന്യൂ ഭൂമിയും ഉൾപ്പെടെ 5010 പേർക്കായി 4146.50 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഭൂരഹിതരായ ആദിവാസികൾക്ക് ആവശ്യമായ ഭൂമി കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | സുപ്രീം കോടതി വിധി പ്രകാരം കേന്ദ്ര സർക്കാർ വിതരണത്തിനായി അനുമതി നൽകിയ നിക്ഷിപ്ത വനഭൂമി വിതരണം (കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകൾ), ലാന്റ് ബാങ്ക് പദ്ധതി, വനാവകാശ നിയമം, മിച്ച ഭൂമി വിതരണം എന്നിവ വഴി ഭൂമി കണ്ടെത്തി ഭൂരഹിതരും നാമമാത്രമായി ഭൂമിയുള്ളവർക്കും വിതരണം ചെയ്തുവരുന്നു. |
| (സി) | ഇതിനു വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | സുപ്രീം കോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ വാസയോഗ്യമല്ലെന്നു കണ്ടെത്തിയ ഭൂമിക്കു പകരം ഭൂമി ലഭ്യമാക്കിയും, വനാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾ വിവിധ കമ്മിറ്റികൾ മുമ്പാകെ പെന്റിംഗിലുള്ള അപേക്ഷകൾ പരിശോധിച്ച് അർഹരായുള്ള എല്ലാപേർക്കും വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖകൾ നൽകുന്നതിനും, കൂടാതെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാസയോഗ്യവും, കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്കു വാങ്ങിയും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | വനഭൂമിയിൽ തലമുറകളായി താമസിച്ചുവരുന്നവരും എന്നാൽ തങ്ങളുടെ വനഭൂമിയിൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാതെ പോയവരുമായ പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗത വനവാസികളുടെയും വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ളതാണ് വനാവകാശ നിയമം. ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി വനാവകാശ നിയമ പ്രകാരം വ്യക്തിഗതം, സാമൂഹികം, വികസനം എന്നിങ്ങനെയുള്ള അവകാശങ്ങൾ നൽകിവരുന്നുണ്ട്. ഇതിനായി 662 വനാവകാശ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളുടെ ശിപാർശ SDLC, DLC തലങ്ങളിൽ ചർച്ച ചെയ്താണ് കൈവശാവകാശരേഖ നൽകുന്നത്. നാളിതുവരെയായി 26,600 പേർക്ക് 35,349.29 ഏക്കർ ഭൂമിയുള്ള വ്യക്തിഗത അവകാശങ്ങളും, 174 പേർക്ക് സാമൂഹിക അവകാശങ്ങളും, 503 പേർക്ക് 187.38 ഏക്കർ ഭൂമിയുള്ള വികസന അവകാശങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ